ശ്രീ. ജോസഫ് ചാഴിക്കാട്ട് : ഡിസംബർ 31—ാം തീയതിവരെ ചെല വഴിച്ചതു വായിച്ചുകേട്ടതിൽ 50 ശതമാനത്തിൽ കുറവായിട്ടാണ് കാണുന്നതു്. ബാക്കിയുള്ളതു് ഈ ആണ്ടിന്റെ അവസാനത്തിനുമുമ്പായിട്ട് ചെലവാക്കാൻ സാധിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ആണ്ടിന്റെ ആദ്യമാസങ്ങളിൽ സാധാരണയായി വളരെ കുറവായിട്ടും അവസാനം വരുമ്പോഴേ വളരെ നല്ല തോതിലുമാണ് ചെലവാക്കുക പതിവു്. ഈ ആണ്ടിൽതന്നെ മുഴുവൻ ചെലവാക്കാൻ കഴിയുമെന്നു് വിശ്വസിക്കുന്നുണ്ടു്. അതിനു പുറമെ ഇവിടെ പറഞ്ഞ കണക്കിൽ ചെലവായ മുഴുവൻ തുകയും ഉൾപ്പെടുത്തിയിട്ടില്ല. ഇതിലുള്ളതു് പ്രാരംഭ കണക്കുമാത്രമാണു്. അവസാനമാകുമ്പോഴേ പ്രയാസം കൂടാതെ മുഴുവൻ തുകയും ചെലവാക്കാൻ സാധിക്കുമെന്നു് ഗവണ്മെന്റു് പ്രതീക്ഷിക്കുന്നു.

ശ്രീ. എം. എം. മത്തായി : ഇതുവരെ നീക്കിവച്ചിരുന്ന തുകയിൽ ഏറ്റവും കൂടുതൽ ചെലവഴിച്ചിട്ടുള്ളതു് ഏതു് ഡിപ്പാർട്ടുമെന്റിലാണെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : കണക്കു ലിസ്റ്റിൽ ചേർത്തിട്ടുണ്ടു്. അതു നോക്കിയാലറിയാം. ഞാൻ പ്രത്യേകം നോക്കിവച്ചിട്ടില്ല.

ഗ്രന്ഥശാലകൾക്കു നൽകുന്ന ഗ്രാന്റു്

* 93. [8] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1963–64 വർഷത്തിൽ, സംസ്ഥാനത്തു് ഗ്രന്ഥശാലകൾക്കു് നൽകേണ്ട ഗ്രാന്റു് എല്ലാ ഗ്രന്ഥശാലകൾക്കും നൽകിക്കഴിഞ്ഞിട്ടുണ്ടോ ;

(ബി) ഈ ഇനത്തിൽ ആകെ എത്ര തുക ചെലവാകും ;

(സി) ഗ്രന്ഥശാലാഗ്രാന്റു് വിതരണത്തിന്റെ ചുമതല വിദ്യാഭ്യാസ വകുപ്പിൽനിന്നും വിടുത്തി, ഗ്രന്ഥശാല സംഘത്തെത്തന്നെ ഏൽപ്പിക്കുന്നതിനാവശ്യമായ നടപടി ഗവണ്മെന്റു് സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഇല്ല. 1963-64 വർഷത്തെ ഗ്രാന്റു് കൊടുക്കുന്നതിനുവേണ്ടി ഗവണ്മെന്റു് നിയമിച്ച ഗ്രഡേഷൻ കമ്മിറ്റികളുടെ ശുപാർശകൾ ഇതേവരെ കിട്ടിയിട്ടില്ല.

(ബി) ഏകദേശം മൂന്നരലക്ഷം രൂപാ ചെലവാകുമെന്നു പ്രതീക്ഷിക്കുന്നു. ഗ്രഡേഷൻ കമ്മിറ്റികളുടെ ശുപാർശകൾ കിട്ടിയതിനുശേഷം മാത്രമേ ഈ ഇനത്തിൽ എത്ര രൂപ ചെലവാകുമെന്നു സൂക്ഷ്മമായി പറയുവാൻ സാധിക്കുകയുള്ളൂ.

(സി) ഗ്രന്ഥശാലാ ഗ്രാന്റു് ശുപാർശ ചെയ്യുന്നതിനു് നിയമിക്കപ്പെട്ടുന്ന ഗ്രഡേഷൻ കമ്മിറ്റികളിൽ ഗ്രന്ഥശാലാസംഘത്തിനു് അർഹമായ പ്രാതിനിദ്ധ്യം കൊടുക്കുന്നുണ്ടു്. ആ നടപടിയിൽ വ്യത്യാസം ചെയ്യണമെന്നു് തോന്നുന്നില്ല.

ശ്രീ. സി. എ. മാത്യു : സർ, ഗ്രന്ഥശാലാ സംഘത്തിന്റെ അദ്ധ്യക്ഷൻ മുതൽ ഗ്രഡേഷൻ കമ്മിറ്റിയിൽ നിശ്ചയിച്ചിട്ടുള്ള അംഗങ്ങൾവരെ ഈ രാജ്യത്തെ തലക്കനമുള്ള ആളുകളാണെന്നാണു് ലിസ്റ്റുകൊണ്ടു് കാണുന്നതു്. ഏറ്റവും ഉത്തരവാദപ്പെട്ട ഗ്രഡേഷൻ കമ്മിറ്റിയുടെ ശുപാർശയെ മാനിച്ചുകൊണ്ടു് ഗ്രന്ഥശാലാസംഘം ഈ ഗ്രാന്റു് നിർവ്വഹണത്തിന്റെ ചുമതല വഹിക്കുക എന്നു പറഞ്ഞാൽ തീർച്ചയായിട്ടും ഇന്നുള്ള കുഴപ്പം പരിഹരിക്കുന്നതിനു് അതു് ഉപയുക്തമാകുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. അതുകൊണ്ടു്

LIBRARY ARCHIVES Kerala Legislative Assembly

ഈ ഗ്രാൻറ് വിതരണത്തിൻെറ ചുമതല മുഴവനായിട്ടും ഗ്രന്ഥശാലാസംഘത്തിനു് വിട്ടുകൊടുക്കുന്നതുകൊണ്ടു് എന്തപകടമാണു് ഗവണ്മെൻറിനു് ഉണ്ടാകുന്നതെന്നു് വ്യക്തമാക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഗവണ്മെൻറിൽനിന്നു നൽകുന്ന ഗ്രാൻറു് ചില വ്യവസ്ഥകൾക്കും ചട്ടങ്ങൾക്കും വിധേയമായി മാത്രമേ നൽകാൻ കഴിയുകയുള്ളു. അങ്ങനെ കൊടുക്കുന്നതിനു് പറഞ്ഞിയ രീതിയിലുള്ള ഒരു മെഷിനറിയാണു് ഗ്രന്ഥശാലാസംഘമെന്നു് ഗവണ്മെൻറിനു ബോദ്ധ്യമില്ല. അതുകൊണ്ടാണു് ഗ്രന്ഥശാലാസംഘത്തിൻെറ ഉപദേശം കഴിവുള്ളിടത്തോളം സ്വീകരിച്ചുകൊ ഗവണ്മെൻറുതന്നെ ഗ്രാൻറു് വിതരണത്തിൻെറ ചുമതല വഹിക്കുന്നതു്.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : കഴിഞ്ഞകൊല്ലത്തെ ഗ്രാൻറു് കുറെയൊക്കെ ലൈബ്രറികൾക്കു് ഇനിയും നൽകാനുണ്ടെന്നുള്ളതു് ഒരുവസ്തുതയാണു്. അങ്ങനെ നൽകാൻ കഴിയാത്തതു് ഗവണ്മെൻറിൽനിന്നു് ഡിസ്ട്രിക്റ്റു് എഡ്യുക്കേഷനൽ ആഫീസറന്മാർ ഉൾക്കൊള്ളുന്ന ഒരു കമ്മിറ്റി പരിശോധിക്കുകയും കഴിഞ്ഞവർഷം കൊടുത്ത ഗ്രാൻറിൻെറ ഉപയോഗം കൃത്യമായി പരിശോധിക്കുകയും ചെയ്തതിനുശേഷവും അതു് പരിപൂർണ്ണമായി അംഗീകരിക്കപ്പെടാത്തതു് എ. ഈ. ഓ. മാരുടെ യൂട്ടിലൈസേഷൻ റിപ്പോർട്ടുവരുന്നതിനുള്ള കാലതാമസമാണെന്നു പറയുന്നതു് ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? അങ്ങനെയുണ്ടെങ്കിൽ ഗവണ്മെൻറിൽനിന്നു നിയോഗിക്കപ്പെടുന്ന ഗ്രഡേഷൻ കമ്മിറ്റി പരിശോധിക്കുന്ന ഗ്രാൻറു തുകയുടെ ഉപയോഗം വീണ്ടും ഒരു അസിസ്റ്റൻറു് എഡ്യുക്കേഷണൽ ആഫീസറുടെ പരിശോധനയ്ക്കു് വിധേയമാകാതിരിക്കാൻ വേണ്ടി നടപടി സ്വീകരിക്കുമോ ?

ശ്രീ. ആർ. ശങ്കർ : ഈ റിപ്പോർട്ടു് പരിശോധിച്ചശേഷവും വീണ്ടും അന്വേഷിക്കേണ്ടതാണെന്നു തോന്നുന്ന അപൂർവ്വം ചിലകേസുകളിൽ ഡിപ്പാർട്ടുമെൻറു് അന്വേഷണം നടത്തിയിട്ടുണ്ടു്. പക്ഷേ എ. ഈ. ഓ. മാരെക്കൊണ്ടു് അന്വേഷണം നടത്തിയിട്ടില്ല. ഇനിയും അന്വേഷണം നടത്തേണ്ടിവരും. ഗ്രാൻറു കൊടുക്കുന്നതിനാവശ്യമായ എല്ലാ മാനദണ്ഡങ്ങളും സ്വീകരിച്ചുകഴിഞ്ഞിട്ടു്. അതു വീണ്ടും പരിശോധിക്കേണ്ടിവന്നാൽ ഈ കമ്മിറ്റിയെക്കൊണ്ടുതന്നെ അന്വേഷിപ്പിക്കാനാണു് ഇപ്പോഴത്തെ തീരുമാനിച്ചിട്ടുള്ളതു്.

ശ്രീമതി കുസുമം : ഗ്രന്ഥശാലയുടെ ഭരണത്തെ സമഗ്രമായി ക്രോഡീകരിക്കുന്ന ഒരു ബില്ലു് ഈ നിയമസഭയിൽ അവതരിപ്പിച്ചു പാസ്സാക്കാൻ തയ്യാറാകുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ഒന്നു ഡ്രാഫ്റ്റായി കഴിഞ്ഞിട്ടുണ്ടു്. അതു് പരിശോധിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എം. എം. മത്തായി : ഗ്രന്ഥശാലാ ഡ്രാഫ്റ്റു് ബില്ലിൻെറ കൂട്ടത്തിൽ ബിൽഡിംഗ് ഗ്രാൻറുകൂടി കൊടുക്കുന്നതിനു വല്ല ഏർപ്പാടും ചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : ബിൽഡിംഗിനു് ഇത്ര ഗ്രാൻറു് കൊടുക്കാമെന്നു് ഏർപ്പാടു ചെയ്തിട്ടില്ല. എന്നാൽ ബിൽഡിംഗിൻെറ സ്വഭാവമനുസരിച്ചു് ഒരു പരിധി വച്ചുകൊണ്ടു് ഗവണ്മെൻറു കുറെ തുക ഗ്രാൻറായി കൊടുക്കുന്നുണ്ടു്.

ശ്രീ. മാലേത്തു ഗോപിനാഥപിള്ള : ഗവണ്മെൻറിൻെറ പണം കൊടുക്കുന്ന കാര്യത്തിൽ കുറെ ചട്ടങ്ങളൊക്കെ നോക്കണമെന്നു പറഞ്ഞു. എന്നാൽ ഗ്രന്ഥശാലാസംഘം ഒരു ഓട്ടോണമസ് ബോഡി എന്നുള്ള നിലയ്ക്കു്, ഫീൽഡിൽ വളരെയധികം പ്രവർത്തിക്കുന്ന ഒരു സ്ഥാപനമെന്നുള്ള നിലയ്ക്കു് പുതിയ ബില്ലിൽ സംഘത്തിനു് കൂടുതൽ സ്വാധീനം കൊടുത്തു് ഈ പണം കൊടുക്കുന്നതിനു് എന്തെങ്കിലും പ്രത്യേക വ്യവസ്ഥ വിദ്യാഭ്യാസ ഡിപ്പാർട്ടുമെൻറിൽനിന്നു മാറ്റി ഗവണ്മെൻറു് അംഗീകരിക്കുന്ന ഒരു മെഷിനറി വച്ചു് കൊടുക്കാൻ ഗവണ്മെൻറു് ആലോചിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. ശങ്കർ : ഗ്രന്ഥശാലാസംഘം ഇനിയും ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡായിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഗ്രന്ഥശാലാ നിയമനിർമ്മാണത്തെപ്പറ്റി വളരെ കൊല്ലങ്ങൾക്കു മുമ്പുതന്നെ രംഗനാഥൻ റിപ്പോർട്ട് സമർപ്പിക്കുകയും അതു് ഗ്രന്ഥശാലാസംഘത്തിനു് ഗവണ്മെൻറു് അയയ്ക്കുകയും ചെയ്തിട്ടു വളരെക്കാലം കഴിഞ്ഞു. ഇതേവരെ ഈ ബില്ലു് അവതരിപ്പിക്കാതിരിക്കാൻ കാരണമെന്തു് ?

ശ്രീ. ആർ. ശങ്കർ : ഗവണ്മെൻറു് മനഃപൂർവ്വമായി കാലതാമസം വരുത്തി ഒന്നും ചെയ്തിട്ടില്ല. ആദ്യം ഒരു ഡ്രാഫ്റ്റു് ബിൽ രംഗനാഥൻ ഉണ്ടാക്കിയതു് ഗവണ്മെൻറിന്റെ പരിഗണനയ്ക്കു വന്നു. അതു് ഗ്രന്ഥശാലയ്ക്കു് അയച്ചു കൊടുത്തു. അതിനുശേഷം ഇൻഡ്യാഗവണ്മെൻറു് ഒരു മോഡൽ ബിൽ തയ്യാറാക്കി അയച്ചു. വീണ്ടും ആലോചനകളും നടത്തി. അങ്ങനെയാണു് കാലതാമസം വന്നതു്. ഇനിയും കൂടുതൽ കാലതാമസം ഉണ്ടാകുമെന്നു തോന്നുന്നില്ല.

ശ്രീ. കെ. ആർ. വിജയൻ : ഗ്രഡേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു വരുന്നതിനുള്ള കാലതാമസംകൊണ്ടാണു് ഗ്രാൻറു കൊടുക്കുന്നതിനു് താമസം വരുന്നതെന്നു് മന്ത്രി പറയുകയുണ്ടായി. താലൂക്കു് യൂണിയൻസു് ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടു്. അതുകൊണ്ടു് താലൂക്കു് യൂണിയൻസിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാൻറു കൊടുക്കാൻ ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : ഗ്രന്ഥശാലാസംഘത്തിന്റെ കീഴിലുള്ള താലൂക്കു് യൂണിയൻസിനെപ്പറ്റിയല്ലേ പറയുന്നതു്. അതത്ര പന്തിയാകുമെന്നു തോന്നാത്തതുകൊണ്ടാണു് കമ്മിറ്റിയെ വച്ചതു്. ഇതു് വളരെ നിർഭാഗ്യകരമായ ഒരു സംഭവമാണു്. ഈ ഗ്രാൻറു് സമയത്തുതന്നെ കൊടുക്കണമെന്നു് ആരേക്കാളുമധികം നിർബ്ബന്ധമുള്ളതു് ഈ വകുപ്പിന്റെ ചാർജ്ജു വഹിക്കുന്ന മന്ത്രിക്കാണു്. അതുകൊണ്ടു് കഴിഞ്ഞ വർഷം ഇതിന്റെ ചാർജ്ജു കിട്ടിയ ഉടനെ ഗ്രഡേഷൻ കമ്മിറ്റിയെ നിയമിക്കുകയും ഇന്നസമയത്തിനുള്ളിൽ റിപ്പോർട്ടു് സമർപ്പിക്കണമെന്നു് ആവശ്യപ്പെടുകയും ചെയ്തു. അവർ കൊണ്ടുവരാമെന്നു പറഞ്ഞു. പക്ഷേ സമയത്തിനു കിട്ടിയില്ല. മാർച്ചുമാസം അവസാനത്തിൽ പേഴ്സണലായിട്ടു് താൽപ്പര്യം എടുത്തതുകാരണം റിപ്പോർട്ടു കിട്ടിയതനുസരിച്ചു് ഗ്രാൻറു കൊടുത്തു. അതുകൊണ്ടു് ഇക്കൊല്ലം അങ്ങനെ വരരുതെന്നു വിചാരിച്ചു് നേരത്തെ കമ്മിറ്റി ഉണ്ടാക്കി അവരെ ഏൽപ്പിച്ചു. ഇന്നു് ജനുവരി 31 ആയി. ഇതുവരെ അവരുടെ റിപ്പോർട്ടു് കിട്ടിയിട്ടില്ല. അതു വന്നുകഴിഞ്ഞാൽ കുറച്ചു ജോലിയുണ്ടു്. ആണ്ടവസാനത്തിൽ ബഡ്ജറ്റുസമയമായതുകൊണ്ടു് കൂടുതൽ ജോലിയുള്ളതിനാലാണു് ഡിസംബറിനു മുമ്പേ കിട്ടണമെന്നു് പറഞ്ഞിരുന്നതു്. ഇതേവരെ കിട്ടിയിട്ടില്ലാത്തതുകൊണ്ടു് ഈ വർഷവും അപകടങ്ങൾ വന്നേക്കാം.

ശ്രീ. എം. എം. മത്തായി : ഗ്രഡേഷൻ കമ്മിറ്റിയുടെ റിപ്പോർട്ടു് സമയത്തിനു കിട്ടാതെ വരുന്നതു് സ്റ്റേറ്റു് ഒട്ടാകെ ഒരു കമ്മിറ്റിയെ നിയമിക്കുന്നതുകൊണ്ടാണെന്നും, ഇങ്ങിനെ കാലതാമസം വരുന്നതിനെ പരിഗണിച്ചു് ഡിസ്ട്രിക്ടടിസ്ഥാനത്തിൽ ഗ്രഡേഷൻ കമ്മിറ്റിയെ നിയമിക്കുകയും അതിൽ പ്രത്യേക കൺവീനറെ നിയമിക്കുകയും ചെയ്യുന്നതിനു് ദയവുണ്ടാകുമോ ?

ശ്രീ. ആർ. ശങ്കർ : കഴിഞ്ഞ കൊല്ലം സ്റ്റേറ്റു് ഒട്ടാകെ ഒരു കമ്മിറ്റിയായതുകൊണ്ടാണു് കാലതാമസം വന്നതെന്നു പറഞ്ഞതുകൊണ്ടാണു് ഇത്തവണ 3 കമ്മിറ്റിയെ വയ്ക്കുകയും അതിൽ 3 കൺവീനറന്മാരെ നിയമിക്കുകയും ചെയ്തതു്.

മി. സ്പീക്കർ : മെമ്പറന്മാർ സ്ഥലത്തില്ലാത്തതുകൊണ്ടു് ചോദ്യം ഒൻപതിനേയും പത്തിനേയും ഉത്തരം പറയേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly